**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 1621** **03.10. 2011-ൽ മറുപടിക്ക്.**

**റാന്നിയിൽ പോലീസ് സബ് ഡിവിഷൻ ആരംഭിക്കാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പോലീസ് സബ്ഡിവിഷനുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡം എന്താണ് ; ഒരു പോലീസ് സബ് ഡിവിഷനു കീഴിൽ സാധാരണ എത്ര പോലീസ് സ്റ്റേഷനുകളാണ് ഉൾപ്പെടുത്താറുള്ളത് ; | : (എ) പ്രധാനമായും ജോലിഭാരത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള ഏതെങ്കിലും സബ്ഡിവിഷനോ സബ്ഡിവിഷനുകളോ വിഭജിച്ച് പുതിയ സബ്ഡിവിഷനുകൾ രൂപീകരിക്കുന്നത്. സാധാരണയായി ഒരു സബ്ഡിവിഷന്റെ കീഴിൽ 7 മുതൽ 15 വരെ പോലീസ് സ്റ്റേഷനുകളാണുള്ളത്. |
| (ബി) റാന്നി നിയോജക മണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷനുകൾ ഏതൊക്കെ പോലീസ് സബ്ഡിവിഷനു കീഴിലാണ് വരുന്നതെന്ന് വ്യക്തമാക്കാമോ ; | : (ബി) റാന്നി, പെരുമ്പെട്ടി, വെച്ചൂച്ചിറ, പെരുനാട് എന്നീ പോലീസ് സ്റ്റേഷനുകൾ തിരുവല്ല സബ്ഡിവിഷനിലും, പമ്പ പോലീസ് സ്റ്റേഷനും റാന്നി മണ്ഡലത്തിൽപ്പെട്ട ചെറുകോൽ പഞ്ചായത്ത് ഉൾപ്പെട്ട ആറന്മുള പോലീസ് സ്റ്റേഷനും, റാന്നി മണ്ഡലത്തിൽപ്പെട്ട അയിരൂർ പഞ്ചായത്തും, എഴുമറ്റൂർ പഞ്ചായത്തിലെ തെള്ളിയൂർ എന്ന സ്ഥലവും ഉൾപ്പെട്ട കോയിപ്പുറം പോലീസ് സ്റ്റേഷനും പത്തനംതിട്ട സബ്ഡിവിഷനിലുമാണ് വരുന്നത്. |

(മറുപുറം)

(സി) മൈക്ക് സാംഗ്ഷൻ ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്കായി ജനങ്ങൾ നൂറുകിലോമീറ്ററിലേറെ യാത്ര ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ റാന്നി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സബ് ഡിവിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

: (സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ